©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2021 ജൂലൈ 03<br>03rd July 2021<br>1196 മിഥുനം 19<br>19th Mithunam 1196<br>1943 ആഷാഢം 12<br>12th Ashadha 1943 | നമ്പർ<br>No. 1956 |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

വിജ്ഞാപനം

നമ്പർ 10783/ലെഗ്.എ1/2020/നിയമം.

*തിരുവനന്തപുരം, 2021 ജൂലൈ 2*
*1196 മിഥുനം 18*
*1943 ആഷാഢം 11.*

2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സാദിഖ് എം. കെ.,
*സ്പെഷ്യൽ സെക്രട്ടറി (നിയമം).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 62-ാം നമ്പർ ഓർഡിനൻസ്

## 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2020-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസ് (2020-ലെ 41) 2020 ജൂലൈ 29-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2020-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസ് (2020-ലെ 51) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 43) 2020 ആഗസ്റ്റ് 27-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും, 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്തും പ്രസ്തുത ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസ് (2021-ലെ 21) 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസിന് (2021-ലെ 21) 2021 ജൂലൈ 5-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെ പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ഓർഡിനൻസിന് 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) 3-ാം വകുപ്പിന്റെ (എ) ഖണ്ഡം 2020 ഫെബ്രുവരി 26-ാം തീയതിയും (ബി) ഖണ്ഡം 2020 മേയ് 17-ാം തീയതിയും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>2003-ലെ 29-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.</u>— ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിന് (2003-ലെ 29) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതിക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. <u>4-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 2019-2020 സാമ്പത്തിക വർഷത്തിൽ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം ധനകമ്മിക്ക് പുറമേ ഒറ്റത്തവണയായി 1471 കോടി രൂപ അധിക വായ്പ എടുക്കുന്നതിന് സംസ്ഥാനത്തിന് അർഹതയുണ്ടായിരിക്കുന്നതും പ്രസ്തുത ഒറ്റത്തവണ അധിക വായ്പ 2019-2020 സാമ്പത്തിക വർഷത്തിൽ തന്നെ ഉപയോഗപ്പെടുത്തേണ്ടതുമാണ്.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ആയി നിലനിർത്തേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം ധനക്കമ്മിക്ക് പുറമേ ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം നടപ്പിലാക്കൽ, വ്യാപാരം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള പരിഷ്കാരങ്ങൾ, അർബൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ, ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾ എന്നീ നാല് പ്രത്യേക സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, 2 ശതമാനം അധിക വായ്പ എടുക്കുന്നതിന് സംസ്ഥാനം അർഹമാകുന്നതാണ്. ഇപ്രകാരമുള്ള അധികവായ്പ 2020-21 വർഷത്തിൽ തന്നെ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

കുറിപ്പ്:—(i) ഓരോ സംസ്ഥാനതല പരിഷ്കാരങ്ങൾക്കും മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 0.25 ശതമാനം വെയിറ്റേജ് എന്ന തോതിൽ ഒരു ശതമാനം അധികവായ്പയും;

(ii) ബാക്കിയുള്ള ഒരു ശതമാനം അധിക വായ്പ 0.50 ശതമാനം വീതം രണ്ട് ഗഡുക്കളായി സംസ്ഥാനത്തിന് ലഭ്യമാകുന്നതാണ്. ആദ്യത്തെ ഗഡുവായ 0.50 ശതമാനം നിബന്ധനകളൊന്നുമില്ലാതെ തന്നെ സംസ്ഥാനത്തിന് ലഭ്യമാകുന്നതും രണ്ടാമത്തെ ഗഡു ലഭ്യമാകുന്നതിന് മുകളിൽ പ്രസ്താവിച്ചിട്ടുള്ള നാല് സംസ്ഥാനതല പരിഷ്കാരങ്ങളിൽ മൂന്നെണ്ണം എങ്കിലും പാലിക്കേണ്ടതുമാണ് .".

4. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസ് (2021-ലെ 21) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,

*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Law (Legislation-A) Department

NOTIFICATION

No. 10783/Leg. A1/2020/Law.

*Dated, Thiruvananthapuram, 2nd July, 2021*
*18th Mithunam, 1196*
*11th Ashadha, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Fiscal Responsibility (Amendment) Ordinance, 2021 (62 of 2021).

By order of the Governor,

SADIQUE M. K.,
*Special Secretary (Law).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

# ORDINANCE No. 62 OF 2021

# THE KERALA FISCAL RESPONSIBILITY (AMENDMENT) ORDINANCE, 2021

Promulgated by the Governor of Kerala in the Seventy-second Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Fiscal Responsibility Act, 2003.*

*Preamble.*—WHEREAS, the Kerala Fiscal Responsibility (Amendment) Ordinance, 2020 (41 of 2020) was promulgated by the Governor of Kerala on the 29th day of July, 2020;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala during its session convened on the 24th day of August, 2020;

AND WHEREAS, in order to keep alive the provisions of the said Ordinance the Kerala Fiscal Responsibility (Amendment) Ordinance, 2020 (51 of 2020) was promulgated by the Governor of Kerala on the 26th day of September, 2020;

AND WHEREAS, the Kerala Fiscal Responsibility (Second Amendment) Ordinance, 2020 (43 of 2020) was promulgated by the Governor of Kerala on the 27th day of August, 2020;

AND WHEREAS, a Bill to replace the said Ordinances by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala during its session which convened on the 31st day of December, 2020 and during its session commenced on the 8th day of January, 2021 and ended on the 22nd day of January, 2021;

AND WHEREAS, in order to keep alive the provisions of the said Ordinances the Kerala Fiscal Responsibility (Amendment) Ordinance, 2021 (21 of 2021) was promulgated by the Governor of Kerala on the 9th day of February, 2021;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala during its session which commenced on the 24th day of May, 2021 and ended on the 10th day of June, 2021;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the said Ordinance will cease to operate on the 5th day of July 2021;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Fiscal Responsibility (Amendment) Ordinance, 2021.

(2) Clause (a) of section 3 shall be deemed to have come into force on the 26th day of February, 2020 and clause (b) of section 3 shall be deemed to have come into force on the 17th day of May, 2020.

2. *Act 29 of 2003 to be temporarily amended.*—During the period of operation of this Ordinance, the Kerala Fiscal Responsibility Act, 2003 (29 of 2003) (hereinafter referred to as the principal Act), shall have effect subject to the amendment specified in section 3.

3. *Amendment of section 4.*—In section 4 of the principal Act,—

(a) after clause (b) of sub-section (2), the following proviso shall be inserted, namely:—

"Provided that the State shall be eligible for additional borrowing of Rs. 1471 crore as a onetime special dispensation in the financial year 2019-2020 beyond fiscal deficit of 3 per cent

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

of the Gross State Domestic Product. This additional borrowing under onetime special dispensation shall be utilised during the financial year 2019-2020 itself.".

(b) after clause (b) of sub-section (2), the following clause shall be inserted, namely:—

"(ba) State shall maintain the fiscal deficit to 3 per cent of the Gross State Domestic Product during the financial year 2020-21. State shall be eligible for additional borrowing of 2 per cent of Gross State Domestic Product for the financial year 2020-21 in addition to the fiscal deficit of 3 per cent of Gross State Domestic Product subject to the compliance of four specific State level reforms, implementation of One Nation One Ration Card System, Ease of doing business reforms, Urban Local body/Utility reforms and Power sector reforms. The aforesaid additional borrowing shall be utilised during the financial year 2020-21.

Note:—(i) The weightage of each State level reform is 0.25 per cent of Gross State Domestic Product totalling to one per cent additional borrowing;

(ii) The remaining borrowing limit of one per cent will be available in two installments of 0.50 per cent each to the State. The first installment of 0.50 per cent shall be available to the State as untied and the second installment on undertaking at least three out of the aforesaid four State level reforms.".

4. *Repeal and saving*.—(1) The Kerala Fiscal Responsibility (Amendment) Ordinance 2021 (21 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Ordinance.

ARIF MOHAMMED KHAN,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.07.03 04:48:21 +05:30